# വേരിലൂടെ ആഴത്തിൽ; തളിരിലൂടെ ഉയരത്തിൽ

## ഡേവീസ് വളർക്കാവ്



കേരളീയ സമൂഹം ഇന്നകപ്പെട്ടിരിക്കുന്ന ജീർണ്ണതകളിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ ആദ്യമായി ചെയ്യേണ്ടത് കേരളീയ നവോത്ഥാന പാരമ്പര്യത്തെ കണ്ടെത്തുകയും ആ ധാരയെ അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കയുമാണ്.

നവോത്ഥാനം എന്ന ആശയം കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും, മത സംഘടനകളും, സാംസ്കാരിക പ്രസ്ഥാനങ്ങളും ഏറെ ഉപയോഗിക്കുന്നുണ്ട്. എല്ലാവർക്കും സ്വീകാര്യമായ വിധം നിരുപദ്രവകമായിരുന്നില്ല കേരളീയ നവോത്ഥാനം എന്നതാണ് യാഥാർത്ഥ്യം. ചരിത്രം പറയുന്നത് യൂറോപ്പിലാണ് നവോത്ഥാനം ആദ്യം ഉണ്ടായതെന്നാണ്. നവ ഉത്ഥാനം ഏതോ പൂർവ്വ ഉത്ഥാനത്തെ ഓർമിപ്പിക്കുന്നു അത് ക്രിസ്തുവന്റെ ഉയിർപ്പിയാണ് പ്രതിനിധീകരിക്കുന്നത്. അത്തരത്തിൽ വീണ്ടുമൊരു ഉയിർപ്പ് ക്രിസ്തുവിനെ മുൻനിർത്തി പൗരോഹിത്യത്തിനും പള്ളിക്കും എതരെ ഉണ്ടായതിനാൽ, സാമൂഹ്യമായ നവ ഉത്ഥാനമായി. ഇത് ചരിത്രത്തിൽ നവോത്ഥാനമായി അറിയപ്പെട്ടു. ഇത്തരം ഒരനുഭവം ഭാരതീയ സാഹചര്യത്തിൽ ഇല്ല തന്നെ. ഇവിടെ വ്യക്തികളെ കേന്ദ്രീകരിച്ച ക്രൂശീകരണമോ ഉയിർപ്പോ ഉണ്ടായിട്ടില്ല. ഉദയമാണ് പ്രത്യാശയുമായി ബന്ധപ്പെട്ടു വരുന്നത്. ഓരോ ദിവസവും പുതിയ ജീവിതത്തിലേക്ക് ഉണരുകയാണ്. വല്ലപ്പോഴും സംഭവിക്കുന്ന ഉത്ഥാനത്തിനപ്പുറം, നിരന്തരമായ ഉദയമാണ്-നവോദയമാണ് ഭാരതീയ പൈതൃകം.

ഭാരതീയ നവോത്ഥാനത്തിന്റെ സാരഥികളായി രാജാറാം മോഹൻ റോയ്, ഈശ്വർ ചന്ദ്ര വിദ്യാസാഗർ, ദയാനന്ദ സരസ്വതി എന്നിവരെ പ്രത്യേകം എടുത്തു പറയുന്നതായി കാണാം. എന്നാൽ ഇന്ത്യൻ നവോത്ഥാനത്തിൽ ഉൾപ്പെടുത്താത്ത ആചാര്യ ഫുലേ, നാരായണ ഗുരു എന്നിവരുടെ സ്വാധീനം എടുത്തു പറയേണ്ടതുണ്ട്. ചരിത്രകാരന്മാർ ഇക്കാര്യത്തിൽ നീതി പുലർത്തിയിട്ടില്ല.

യൂറോപ്യൻ നവോത്ഥാനം മതത്തിലെ ജീർണ്ണതകൾക്കെതിരെ പൊരുതിയപ്പോൾ കേരളീയ നവോത്ഥാനം ജാതി മേധാവിത്വത്തിനെതിരായിരുന്നു എന്നതാണ് പ്രത്യേകത.

'മനുഷ്യന് മനുഷ്യൻ ശുദ്ധ വസ്തു'വായിരുന്ന കേരളത്തെ വിവേകാനന്ദൻ ആക്ഷേപിക്കുന്നതിനു മുൻപേ തന്നെ ശുദ്ധീകരിക്കാനുള്ള വഴികൾ അരുവിപ്പുറത്തു നിന്നും നാരായണഗുരു ആരംഭിച്ചിരുന്നു. അതിനും മുൻപു തന്നെ വൈകുണ്ഠ സ്വാമികളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ പഠനം നടത്തേണ്ടതാണ്. പൊതുവെ കേരളീയ നവോത്ഥാനത്തിന്റെ ശക്തമായ നീരൊഴുക്ക് അരുവിപ്പുറത്തു നിന്നാണ്.

നാരായണഗുരു, ചട്ടമ്പി സ്വാമികൾ. ബ്രഹ്മാനന്ദ ശിവയോഗി അയ്യങ്കാളി, വി.ടി. ഭട്ടതിരിപ്പാട്, സഹോദരനയ്യപ്പൻ, കുമാരനാശാൻ, ടി.കെ. മാധവൻ, പണ്ഡിറ്റ് കറുപ്പൻ, വക്കം മൗലവി, വാഗ്ഭടാനന്ദ ഗുരുക്കൾ, പൊയ്കയിൽ കുമാരഗുരു, പാമ്പാടി ജോൺ ജോസഫ്, സ്വാമി ആനന്ദതീർത്ഥം, നടരാജഗുരു എന്നിവരിലൂടെ ഒട്ടേറെ പ്രസ്ഥാനങ്ങളിലൂടെ ഈ നീരൊഴുക്ക് ഒട്ടേറെ തരിശുനിലങ്ങളെ കുളിരണിയിച്ചിട്ടുണ്ട്. സാഹിത്യത്തിലും, സാംസ്കാരിക പ്രവർത്തനത്തിലും ദേശീയ പ്രക്ഷോഭത്തിലും ഇവരുടെ പിൻഗാമികൾ ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്.

കേരളം ഇന്നനുഭവിക്കുന്ന മതവൈര്യം, പെൺ പീഢനം, ആർഭാട ജീവിതം, ജാതി മേധാവിത്വം, പരിസ്ഥിതി നാശം, അന്ധ വിശ്വാസം ഹിംസയുടെ വ്യാപനം എന്നീ ദുരന്തങ്ങളിൽ ഈ നവോത്ഥാന ധാരക്ക് എന്തു ഭാഗദേയമാണ് നിർവ്വഹിക്കാനുള്ളത്?

കേരളീയ നവോത്ഥാന പാരമ്പര്യത്തിൽ നിന്ന് തങ്ങൾക്ക് സൗകര്യമായതെടുത്ത് മുന്നോട്ട് കൊണ്ടു പോയവർ ഇന്നത്തെ ജീർണ്ണതകൾക്ക് എന്തു പരിഹാരമാണ് നിർദ്ദേശിക്കുന്നത്. നാമിന്ന് അനുഭവിക്കുന്ന കുറെ പ്രശ്നങ്ങൾക്കെങ്കിലും നവോത്ഥാന കാലവും മുഖം കൊടുക്കേണ്ടി വന്നിട്ടുണ്ട്. അവർ കണ്ടെത്തിയ മറുമരുന്നുകൾ തന്നെയാണോ നാം വിതരണം ചെയ്തത്?

യൂറോപ്യൻ നവോത്ഥാനത്തിന്റെ കെണിയിൽ പെട്ടവർക്ക് കേരളീയ നവോത്ഥാനത്തെ മുന്നോട്ട് കൊണ്ടു പോകാനായോ? നവോത്ഥാന പാരമ്പര്യത്തെ വീണ്ടെടുക്കുമ്പോൾ അത് പുനരുജ്ജീവനത്തിൽ നിന്ന് എങ്ങിനെയാണ് വ്യത്യസ്തമാകുന്നത്?

കേരളീയ നവോത്ഥാനത്തിന്റെ പരിമിതികൾ എന്തെല്ലാമായിരുന്നു? അതിന്റെ തുടർച്ചകൾ തുടർച്ച തന്നെയോ? എത്രത്തോളമാണ് വീണ്ടെടുക്കേണ്ടത്? ആരാണിന്നത് പ്രതിനിധീകരിക്കുന്നത് എന്നിങ്ങനെ നൂറു നൂറു ചോദ്യങ്ങൾ ഉയർന്നു വരുന്നുണ്ട്.

വേരിൽ നിന്നും നേരിൽ നിന്നും നമുക്ക് വീണ്ടും തുടങ്ങേണ്ടിയിരിക്കുന്നു.

*'സഹോദരഭവനം, അഞ്ചേരി, തൃശൂർ-6*

**അടുത്ത ലക്കത്തിൽ വായിക്കുക**


**മാനുഷിക വികാരങ്ങളില്ലാത്ത തൃശൂർ**
ബിജു എസ്. ബാലൻ

**കിനാവിൽ സ്വർണ്ണം പൂശുമ്പോൾ**
സുനിൽ സി.എൻ.

**Books by Dr. B.D. Sharma**
(Former Commissioner, SC/ST Commission)

**Forest Lands** Page : 146, Rs. 50

An update collection and critical account of the various legal notifications concerning the forest-adivasi interface and the eviction of adivasis from forest lands.



*Please send M.O/D.D/Cheque with collection charge.*
*Manager, Keraleeyam, Kokkalai, Thrissur-21*
*Ph: 0487-2421385*